സാമൂഹ്യ വികസനം പോളിടെക്നിക്കുകളിലൂടെ എന്ന പദ്ധതി

3 (*393) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ് മേഴ്സിയർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വികസനം പോളിടെക്നിക്കുകളിലൂടെ എന്ന പദ്ധതിയിൻ കീഴിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ പരിഷ്ക്കാരങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) സാങ്കേതിക വിദ്യയുടെ പ്രയോജനം ഗ്രാമീണ മേഖലകളിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത് ;

(സി) സർക്കാർ അഗ്രി. പോളിടെക്നിക്കുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ഡി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനം ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ)

1. സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമവാസികളുടെ ഉന്നമനം.

2. നിർദ്ധനരും തൊഴിൽരഹിതരുമായ യുവതലമുറയ്ക്ക് സ്വയം പര്യാപ്തമായ ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുന്നു.

3. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾ, കിടപ്പാടമില്ലാതെ പാതയോരങ്ങളിൽ കഴിയുന്ന ബാല്യങ്ങൾ, ശാരീരിക വൈകല്യമുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ഉൾപ്പെടെ ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പോയവർക്ക് വിവിധ തൊഴിലധിഷ്ഠിത വിഷയങ്ങളിൽ സൗജന്യ പരിശീലനം നൽകുക.

4. സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ കേന്ദ്രമാക്കി പ്രാന്ത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സാംസ്കാരിക-സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ പ്രായം, ലിംഗം, യോഗ്യത എന്നിവ പരിഗണിക്കാതെ വർഷംതോറും 24,000 തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിലുകളിൽ സൗജന്യ പരിശീലനം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

5. കാലാനുസൃതവും അനുയോജ്യവുമായ നൂതന സാങ്കേതിക വിഷയങ്ങളിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുക.

6. പരമ്പരാഗത തൊഴിലുകളിൽ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തി വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സൗജന്യ സാങ്കേതിക സഹായം നൽകുക.

(ബി)

1. നൈപുണ്യ വികസന കോഴ്സുകൾ ഉപയോക്താക്കൾക്ക് നൽകുക.

2. പരമ്പരാഗത തൊഴിലുകളിൽ പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും മെച്ചപ്പടുത്തി വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സൗജന്യ സാങ്കേതിക സഹായം നൽകുക.

3. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്തതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ജനവിഭാഗത്തിന് നൂതന സാങ്കേതിക വിഷയങ്ങളിൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുക.

(സി) ബഹുമാനപ്പെട്ട കേരള ഗവർണറുടെ 2008-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു അഗ്രി പോളിടെക്നിക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ഡി) കേരള കാർഷിക സർവ്വകലാശാലയുടെ തവന്നൂരിലുള്ള അഗ്രികൾച്ചറൽ എൻജിനീയറിംഗ് കോളേജിനുകീഴിൽ പ്രസ്തുത അഗ്രിക്കൾച്ചറൽ പോളിടെക്നിക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മതിയാവില്ല എന്നതിനാൽ പ്രസ്തുത പോളിടെക്നിക് ആരംഭിക്കാൻ തടസ്സങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ വിശദമായ നിർദ്ദേശം സമർപ്പിക്കാൻ തവന്നൂരിലെ അഗ്രിക്കൾച്ചറൽ എൻജിനീയറിംഗ് കോളേജ് ഡീനിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. അടൂർ പ്രകാശ് : സർ, 2008-ൽ ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു അഗ്രി. പോളിടെക്നിക്ക് സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നു. അതിവിടെ പറയുകയുണ്ടായി. കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നാളിതുവരേയും അതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നും അങ്ങ് ഉത്തരത്തിൽ പറഞ്ഞു. തവന്നൂരിലെ അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ് ഡീനിനെ വിശദമായ നിർദ്ദേശം സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നാണ് പറയുന്നത്. അദ്ദേഹത്തെ സമയബന്ധിതമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സമയബന്ധിതമായി നിർദ്ദേശം നൽകുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി : ഇക്കാര്യം സമയബന്ധിതമായിത്തന്നെ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : കേരളത്തിൽ ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിൽ പോളിടെക്നിക്കുകളിൽ പതിനായിരത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രവേശനം ലഭ്യമാകുന്നത്. അതുകൊണ്ട് ഒരു അദ്ധ്യയന വർഷത്തിൽ പോളിടെക്നിക്കിൽ പഠിക്കണം എന്ന് ആഗ്രഹമുള്ള വിദ്യാർത്ഥികൾ പലരും കേരള സംസ്ഥാനത്തിനു പുറത്ത് തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിലെ പോളിടെക്നിക്കിൽ പോയി പഠിക്കേണ്ട അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഇതിന് ഒരു മാറ്റം വരുത്തുന്നതിനുവേണ്ടി ഈ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : ഈ മേഖലയിൽ കൂടുതൽ പഠന സൗകര്യം കേരളത്തിൽ ആരംഭിക്കാനുള്ള സാധ്യതകൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ജോർജ് മേഴ്സിയർ : സർ, കേന്ദ്ര സർക്കാരിന്റെ വളരെ കാലോചിതമായ ഒരു നോവൽ കൺസെപ്റ്റാണ് അത്. മനോഹരമായ ഒരു പദ്ധതിയാണ്. പക്ഷെ ഇത് നടപ്പിലാക്കാൻ വേണ്ടിയുള്ള ഊർജ്ജിതമായ ശ്രമങ്ങളൊന്നും കാണുന്നില്ല. കാർഷിക കോളേജ് അടക്കമുള്ളതാണ് എന്റെ നിയോജകമണ്ഡലം. ഇതിനോടനുബന്ധിച്ച് ആ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. എം. എ. ബേബി : സർ, കാർഷിക സർവ്വകലാശാല കൃഷി വകുപ്പിന്റെ കീഴിലാണ്. ഞങ്ങൾ പരസ്പരം ചർച്ച ചെയ്ത് അതിനുള്ള ശ്രമം നടത്തുന്നതാണ്. പക്ഷെ ഊർജ്ജിതമായി നടപ്പിലാക്കാനുള്ള ശ്രമം കാണുന്നില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ വിമർശനം ശരിയല്ല. പോളിടെക്നിക്കുകളെ ഉപയോഗിച്ച് മാത്രമല്ല ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., വൊക്കേഷണൽ ഹയർ സെക്കന്ററി സ്ഥാപനങ്ങൾ എന്നിവയെ എല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ലക്ഷത്തോളം പേർക്ക് നൈപുണ്യ വികസനം നൽകാനുള്ള ഒരു ബൃഹത്ത് പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്.

ബസ്സുകളുടെ ബോഡി നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന

4 (*394) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ശശികുമാർ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുകളുടെ ബോഡി നിർമ്മാണം ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മാനദണ്ഡവും രൂപരേഖയും പ്രകാരം നടത്തണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;